# മിറാഷ്

ഡിജിറ്റൽ മാഗസിൻ - ഗവ ഹൈസ്കൂൾ പൊയ്ക





# താളുകളിലൂടെ


- ആശംസകൾ ..................................................3
- ആമുഖം ..................................................4
- എഡിറ്റോറിയൽ ബോർഡ് ..................................................5
- ഗവ ഹൈസ്കൂൾ പൊയ്ക വടാട്ടുപാറ ചരിത്രത്തിലൂടെ ..................................................6
- പൊതുവിദ്യാലയങ്ങൾ അന്താരാഷ്ട്രനിലവാരത്തിലേക്ക് ..................................................8
- എലിയും പരുന്തും ..................................................9
- ഫോട്ടോ ഗ്യാലറി ..................................................10
- 2018-19 പ്രവർത്തനങ്ങളിലൂടെ ..................................................11
- Srinivasa Aiyangar Ramanujan ..................................................12
- ഇന്ത്യയിൽ ആദ്യം ..................................................14
- അക്കാദമിക മികവിലേക്ക് ..................................................15
- History Quiz ..................................................16
- ആധുനിക മാധ്യമങ്ങളും വിദ്യാഭ്യാസവും ..................................................17
- പുരു ..................................................19
- സുനാമി ..................................................23
- ശകുന്തളാ ദേവി ..................................................24
- ഋതു ..................................................26
- പൈങ്കിളിയും തൻ പൈതങ്ങളും ..................................................27
- വേദനിക്കാത്ത മനുഷ്യർ ..................................................28
- മിസൈൽ മാൻ ഓഫ് ഇന്ത്യ ..................................................29
- പ്രളയത്തിൽ മുങ്ങുന്ന കേരളം ..................................................32
- സ്വഭാവശുദ്ധി ..................................................33
- ചിന്താവിഷ്ടയായ സീത ..................................................34
- മലയാളത്തിലെ കവികൾ ..................................................36
- നന്ദി ..................................................40

# ആശംസകൾ



പൊയ്ക ഗവ ഹൈസ്കൂളിലെ വിദ്യാർഥികളുടെ നേതൃത്വത്തിൽ 'മിറാഷ്' എന്ന പേരിലുള്ള ഡിജിറ്റൽ മാഗസിൻ എന്ന ആശയം യാഥാർഥ്യമാകുന്നതിൽ അതിയായ സന്തോഷം. കൈറ്റിന്റെ നൂതനമായ ഈ ആശയത്തോട് വിദ്യാലയത്തിലെ അധ്യാപകരും വിദ്യാർഥികളും ഒത്ത് ചേർന്ന് ഈ സംരഭം വിജയിപ്പിച്ചതിന് അവരെ അഭിനന്ദിക്കുന്നു. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ പ്രവർത്തനങ്ങൾ അതിന്റെ പൂർണ്ണതയിലെത്തുന്നത് കലാലയങ്ങൾ അന്താരാഷ്ട്രനിലവാരത്തിലെത്തി എന്ന് തെളിയിക്കുമ്പോഴാണ്. വിദ്യാർഥികളിൽ അന്തർലീനമായ കഴിവുകളെ കണ്ടെത്താനും പരിപോഷിപ്പിക്കാനും അനന്തമായ സാധ്യതകൾ ഉണ്ടെന്ന് തെളിയിക്കാൻ കൂടിയുള്ള ഒരു സംവിധാനമാണ് ഡിജിറ്റൽ മാഗസിൻ . വിദ്യാർഥികളുടെ സാഹിത്യപരവും കലാപരവുമായ കഴിവുകൾ സമൂഹവുമായി പങ്ക് വെക്കാൻ കഴിയുന്ന ഇത്തരം പ്രവർത്തനങ്ങൾ പ്രോൽസാഹനാജനകമാണ്. ക്ലാസ് മുറികൾ മാത്രമല്ല തങ്ങളും ഹൈടെക്ക് ആണെന്നതിന്റെ ഉത്തമ ദൃഷ്ടാന്തമാണ് ഈ മാഗസിൻ. ഇതിന്റെ അണിയറയിൽ പ്രവർത്തിച്ച ഏവർക്കും പ്രത്യേകിച്ച് ലിറ്റിൽ കൈറ്റ് അംഗങ്ങൾക്കും അഭിനന്ദനങ്ങൾ.

സുജിത്ത് എസ്

പ്രധാനാധ്യാപകൻ

# ആമുഖം

വിവരസാങ്കേതികവിദ്യ സാർവത്രികമാക്കുക എന്ന ലക്ഷ്യത്തോടെ 2003 ലാണ് വിദ്യാഭ്യാസ വകുപ്പ് ഐ.ററി @സ്ക്കൂളിന്റെ നേതൃത്വത്തിൽ കംപ്യൂട്ടർ പഠനം ആരംഭിക്കുന്നത്. വിൻഡോസ് ഓപ്പറേറ്റിങ് സിസ്ററത്തിൽ നിന്നും സ്വതന്ത്രസോഫ്ററ്വെയറായ ഗ്നു/ലിനക്സ് -ലേക്ക് പഠനം വഴിമാറി ഇന്ന് അത് എഡ്യൂബുണ്ടു 14.04 എന്ന പതിപ്പിലെത്തി നിൽക്കുന്നു. ഐ.ററി അധിഷ്ഠിതപഠനത്തിന്റെ മുന്നോട്ടുള്ള പ്രയാണത്തിന് സഹായകമാകുന്ന രീതിയിൽ ഐ.ററി ക്ലബ്ബുകളും പ്രവർത്തിച്ചുപോന്നു.

2018 ൽ ക്ലാസ്മുറികൾ ഹൈടെക്ആകുകയും ക്ലാസ്മുറികളിലെ കംപ്യൂട്ടർ ഉപയോഗവും പരിപാലനവും വിദ്യാർത്ഥികളെ ഏൽപ്പിക്കുന്നതിനായി "ഹായ് കുട്ടിക്കൂട്ടം"എന്ന പേരിൽ ഐ.ററി ക്ലബ്ബ് രൂപീകരിച്ചു. പിന്നീട് കേരളസർക്കാർ സംരംഭമായ കൈറ്റ് (KITE-Kerala Infrastructure and Technology for Education) ഇതിനെ പരിഷ്കരിച്ച് "ലിറ്റിൽ കൈറ്റ്സ്"എന്ന പേരിൽ പുതിയ ഐ.ററി കൂട്ടായ്മ ഉണ്ടാക്കി. ഒന്നരലക്ഷത്തോളം വിദ്യാർത്ഥികൾ സംവദിക്കുന്ന ലോകത്തിലെ ഏറ്റവും വലിയ ICT കുട്ടിക്കൂട്ടമാണ് ലിറ്റിൽ കൈറ്റ്സ്. IT രംഗത്ത് വിദ്യാർത്ഥികളുടെ സമഗ്രമായ മുന്നേറ്റം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന ഈ കൂട്ടായ്മയിലൂടെ വിവിധമേഖലകൾ പരിചയപ്പെടുന്നതിനും പഠിക്കുന്നതിനും സാധിക്കുന്നു. അനിമേഷൻ, പ്രോഗ്രാമിംഗ്, റോബോട്ടിക്സ്, ഇലക്ട്രോണിക്സ്, മലയാളം കംപ്യൂട്ടിങ്, മൊബൈൽ ആപ്ലിക്കേഷൻ നിർമ്മാണം തുടങ്ങിയവയിൽ വിദഗ്ധർ പരിശീലനം നൽകുന്നു. കൂടാതെ വീഡിയോ എഡിററിംങ്,ന്യൂസ് മേക്കിംങ് ഇവയിൽ നടന്ന ശിൽപശാലകൾ വിദ്യാർത്ഥികൾക്ക് ഏറെ പ്രയോജനകരമാണ്. വിവിധതലങ്ങളിലുള്ള ക്യാമ്പുകളും വിദഗ്ധരുടെ ക്ലാസ്സുകളും ഇതിന്റെ പ്രത്യേകതയാണ്.

നിരന്തരപരിശീലനത്തിലൂടെ തങ്ങൾ സ്വായത്തമാക്കിയ അറിവുകളുടെ അടയാളപ്പെടുത്തലിനായി ലിററിൽകൈറ്റ്സ് അംഗങ്ങൾ തയാറാക്കിയ ഡിജിറ്റൽ മാസികയുടെ സാക്ഷാത്കാരത്തിനായി സഹകരിച്ച എല്ലാവർക്കും എന്റെ ഹൃദയം നിറഞ്ഞ നന്ദി..................

സ്നേഹപൂർവം



ശാന്ത പി അയ്യപ്പൻ (എസ് ഐ ററി സി)

# എഡിറ്റോറിയൽ ബോർഡ്



ശ്രീമതി ശാന്ത പി അയ്യപ്പൻ
കൈറ്റ് മിസ്ട്രസ്



ശ്രീമതി പൊന്നമ്മ സി എം
കൈറ്റ് മിസ്ട്രസ്



## ചീഫ് എഡിറ്റർ : അലൻ റോയ്

- അമീൻ ബഷീർ
- ബോമിൻ ബിനോയ്
- ബേസിൽ ബിനു
- ജിൻസ് ജോണി
- നന്ദകുമാർ ആർ
- മോസസ് സോണി
- അർജ്ജുൻ രാജു
- മിഥുൻ കെ എൻ
- സ്വരജിത്ത് ബിനോയ്
- അഖിൽ എൽദോസ്
- ജോബിറ്റ് ജോയ്

# ഗവ ഹൈസ്കൂൾ പൊയ്ക വടാട്ടുപാറ- ചരിത്രത്തിലൂടെ



വനത്താൽ ചുറ്റപ്പെട്ട ഭൂപ്രദേശമായ വടാട്ടുപാറ ഇടുക്കി ജില്ലയുടെ ഭാഗമായിരുന്നു, 1970 ൽ കേരളത്തിലെ വിവിധ ജില്ലകളിലെ ഭൂരഹിതരായവർക്ക് ഒരേക്കർ വീതം പട്ടയഭൂമി സർക്കാർ അനുവദിക്കുകയുണ്ടായി. അതുവഴിയാണ് വടാട്ടുപാറ-പൊയ്ക പ്രദേശത്ത് ജനവാസമാരംഭിക്കുന്നത്. കുടിയേറിപ്പാർത്ത ജനങ്ങളിൽ ഭൂരിഭാഗവും കൃഷിയെ ഉപജീവനമായി സ്വീകരിച്ചവരായിരുന്നു.

ഒരു വിദ്യാഭ്യാസ സ്ഥാപനത്തിന്റെ ആവശ്യം ഈയവസരത്തിലാണ് വടാട്ടുപാറയിലെ ജനങ്ങൾക്ക് അനുഭവപ്പെട്ടത്. കുട്ടികൾക്ക് അറിവ് നേടണമെങ്കിൽ ഏറെദൂരം യാത്ര ചെയ്യണമായിരുന്നു. മാത്രമല്ല യാത്രാസൗകര്യങ്ങൾ ഒന്നും അന്നുണ്ടായിരുന്നില്ല. നാട്ടുകാരുടെ ആഗ്രഹത്തിന്റെ സാഫല്യമെന്നോണം 1973 ൽ പൊയ്ക ഗവ എൽ പി സ്കൂൾ ആരംഭിച്ചു. സ്ഥലവും ഓലഷെഡും നാട്ടുകാരുടെ സംഭാവനയായിരുന്നു. തുടർന്ന് യു പി സ്കൂളിനായി എല്ലാവരും ഒന്ന് പോലെ ശ്രമിച്ചു. ഈ ആവശ്യത്തിനായി പ്രത്യേക കമ്മിറ്റി രൂപീകരിച്ചു. ഇതിനിടെ 1977 മാർച്ചിൽ ആദ്യത്തെ ബാച്ച് കുട്ടികൾ നാലാം ക്ലാസ് പൂർത്തിയാക്കി. യു പി സ്കൂളിന് വേണ്ടിയുള്ള ഒരു താൽക്കാലിക ഷെഡ് നിർമ്മിച്ചു. 1981 ജൂലൈ 10 ന് സ്കൂൾ യു പി ആക്കിക്കൊണ്ടുള്ള സർക്കാരിന്റെ ഉത്തരവ് ലഭിച്ചു. യു പി സ്കൂളിന് വേണ്ടി 80 അടി നീളമുള്ള മനോഹരമായുള്ള കെട്ടിടം നാട്ടുകാരുടെ ഐശ്വര്യത്തിന്റെ പ്രതീകമെന്നോണം ഉയർന്ന് വന്നു. കുട്ടമ്പുഴ പഞ്ചായത്തിന്റെ സഹായധനം ഇതിന് പ്രചോദനമായി.

നാടിന്റെ അടുത്തലക്ഷ്യം ഹൈസ്കൂൾ ആയിരുന്നു. ഏഴാം ക്ലാസ് കഴിഞ്ഞ് കുട്ടികൾക്ക് തുടർ വിദ്യാഭ്യാസത്തിന് മൈലുകൾ താണ്ടി പോവണമായിരുന്നു. യാത്രാസൗകര്യം കുടിയില്ല എന്ന സ്ഥിതിവിശേഷം പലവിദ്യാർഥികളുടെയും പഠനത്തെ വഴിമുടക്കി. സ്കൂളിലെ അധ്യാപകർ, പി ടി എ , ജനങ്ങൾ എല്ലാവരും ഹൈസ്കൂളിന് വേണ്ടി ശബ്ദമുയർത്തി. തത്ഫലമായി 1985 സെപ്തംബർ 29-ന് അന്നത്തെ വിദ്യാഭ്യാസ വകുപ്പ് മന്ത്രിയായിരുന്ന ശ്രീ ടി എം ജേക്കബ് ഹൈസ്കൂളിന്റെ ഉദ്ഘാടനകർമ്മം നിർവഹിച്ചു.

പിന്നീട് സ്കൂളിന്റെ മുഖഛായ തന്നെ മാറുകയായിരുന്നു. 1988-ൽ ആദ്യത്തെ എസ് എസ് എൽ സി ബാച്ച് പാസ്സായി. എങ്കിലും ഒരു വർഷം കൂടി കഴിഞ്ഞ് 1990 ലാണ് ഈ സ്കൂൾ എസ് എസ് എൽ സി പരീക്ഷാകേന്ദ്രമായി അംഗീകാരം നേടുന്നത്.

ആദ്യം ഓല മേഞ്ഞ ഷെഡ്ഡിൽ ആരംഭിച്ച സ്കൂൾ, കാലക്രമേണ ഓടും ആസ്ബറ്റോസും കൊണ്ട് മേഞ്ഞതും തുടർന്ന് കോൺക്രീറ്റുമായി. , ഈ അവസരത്തിൽ ഏതാണ്ട് ആയിരത്തി അഞ്ഞൂറിലധികം വിദ്യാർഥികൾ ഈ വിദ്യാലയത്തിൽ വിദ്യാഭ്യാസം നേടിപ്പോന്നു. ദേവികുളം താലൂക്കിലെ മികച്ച സ്കൂൾ എന്ന അംഗീകാരവും ഈ വിദ്യാലയത്തെ തേടി വന്നു.

പൊയ്ക ഗവ ഹൈസ്കൂൾ ഉൾപ്പെടുന്ന കുട്ടമ്പുഴ പഞ്ചായത്ത് 1997-ൽ എറണാകുളം ജില്ലയുടെ ഭാഗമായി മാറി. സ്കൂൾ ആദ്യം മൂന്നാർ സബ്ജില്ലയിലായിരുന്നു, പിന്നീട് കോതമംഗലം ഉപജില്ലയുടെ ഭാഗമായി. 1998 ൽ സ്കൂളിന്റെ സിൽവർജൂബിലി ആഘോഷിച്ചു. ആരംഭം മുതലേ സ്കൂളിലെ അധ്യാപകരിൽ ഭൂരിഭാഗവും വിവിധ ജില്ലകളിൽ നിന്ന് എത്തിയവരായിരുന്നു. അധ്യാപകരുടെ ഇടക്കിടെയുള്ള സ്ഥലം മാറ്റവും സ്ഥിരമായി പ്രധാനാധ്യാപകന്റെ അഭാവവും ഏറെക്കാലം സ്കൂൾ നേരിട്ട പ്രശ്നങ്ങളായിരുന്നു.

2004-ൽ ആദ്യത്തെ ഇംഗ്ലീഷ് മീഡിയം ബാച്ച് ആരംഭിച്ചു. സ്കൂളിന്റെ ചുറ്റ് മതിൽ നിർമ്മാണം ഭാഗികമായി പൂർത്തിയാകുന്നതും ഈ വർഷം തന്നെ. മധുരം മലയാളം പദ്ധതി ആരംഭിച്ചു. തൊട്ടടുത്ത വർഷം സ്കൂളിന്റെ കളിസ്ഥലനിർമ്മാണം പൂർത്തിയായി.

2011-ൽ സ്കൂളിന്റെ ചരിത്രത്തിൽ പുതിയൊരധ്യായം കുറിച്ച് കൊണ്ട് സ്കൂളിൽ പ്രീപ്രൈമറി വിഭാഗം ക്ലാസുകൾ തുടങ്ങി. നാട്ടുകാർ അനധികൃതമായി കയ്യേറിയിരുന്ന സ്കൂളിന്റെ സ്ഥലം തിരിച്ചു പിടിക്കാൻ കഴിഞ്ഞതും ഈ വർഷമാണ്. 2011-12 വർഷത്തെ എസ് എസ് എൽ സി പരീക്ഷയിൽ നൂറ് ശതമാനം വിജയം നേടുവാൻ ഈ വിദ്യാലയത്തിന് കഴിഞ്ഞു. 2013-ലും കുറേക്കൂടി തിളക്കമാർന്ന രീതിയിൽ നൂറ് മേനി വിജയം ആവർത്തിച്ചു.

വിദ്യാർഥികളുടെ വിജ്ഞാനം വർധിപ്പിക്കുന്നതിനും മാനസികവും ശാരാരികവുമായ വികസനത്തിന് സഹായിക്കുന്നതുമായ നിരവധി പ്രവർത്തനങ്ങൾക്ക് പൊയ്ക സ്കൂൾ ഇന്ന് വേദിയാണ് . സ്പോക്കൺ ഇംഗ്ലീഷ്, ഡി റ്റി പി , ആനിമേഷൻ കോഴ്സുകൾ, കൗൺസിലിങ്ങ്, കരിയർ ഗൈഡൻസ്, ചെണ്ടമേളം, എയ്റോബിക്സ് , ക്ലാസുകൾ കുട്ടികൾക്കായി നടത്തി വന്നിരുന്നു. ഇപ്പോൾ കുട്ടികളുടെ എണ്ണത്തിൽ വന്ന കുറവ് പ്രവർത്തനങ്ങളെ ബാധിക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധ അധികൃതരുടെയും പി ടി എ , എസ് എം സി , എം പി ടി എ എന്നിവരുടെയും സഹകരണത്തോടെ നടന്ന് വരുന്നു. കോതമംഗലം ഉപജില്ലയിൽ സ്റ്റുഡന്റ് പോലീസിന്റെ പ്രവർത്തനം ഉള്ള ഏക വിദ്യാലയം പൊയ്ക ഗവ സ്കൂളിന്റേതാണ്. അക്കാദമിക പ്രവർത്തനങ്ങളുടെ ഭാഗമായി വിവിധ ക്ലബുകളുടെ പ്രവർത്തനം സജീവമായി നടന്നു വരുന്നു. ശാസ്ത്ര- സാമൂഹ്യശാസ്ത്ര- ഗണിത-പ്രവർത്തി പരിചയ- ഐ ടി മേളയിലും മറ്റ് സബ്ജില്ലാ ജില്ലാ മൽസരങ്ങളിലും മികച്ച പ്രവർത്തനം കാഴ്ച വെക്കാൻ വിദ്യാലയത്തിനായിട്ടുണ്ട്.

തൊണ്ണൂറുകൾക്ക് ശേഷം കേരളത്തിലെ മിക്ക സർക്കാർ സ്കൂളുകൾക്കും നേരിടുന്ന പ്രശ്നം - കുട്ടികളുടെ എണ്ണത്തിലുണ്ടായ കുറവ് ഈ വിദ്യാലയവും നേരിടുന്ന പ്രശ്നമാണ്. നിലവിൽ 17 ഡിവിഷനുകളിലായി 380 ലധികം കുട്ടികൾ പഠിക്കുന്നുണ്ട്. പഠനത്തോടൊപ്പം കലാ-കായിക മേഖലകളിലും മികവ് പുലർത്താനും നിരവധി പ്രതിഭകളെ സംഭാവന ചെയ്യാനും ഈ വിദ്യാലയത്തിന് സാധിച്ചിട്ടുണ്ട്. പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി വിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളാവുന്ന ഈ കാലഘട്ടത്തിൽ പൊയ്ക ഗവ ഹൈസ്കൂളും ആ മാറ്റങ്ങൾ ഉൾക്കൊള്ളുന്നു. ക്ലാസ് മുറികൾ ഹൈടെക്ക് ആക്കിയതോടൊപ്പം ആധുനിക സാങ്കേതികവിദ്യായുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തി വടാട്ടുപാറയിലും മാറ്റത്തിന്റെ ഒരു അന്തരീക്ഷം ഉണ്ടാവാൻ വിദ്യാലയം നടത്തുന്ന ശ്രമങ്ങൾക്ക് നല്ലവരായ നാട്ടുകാരുടെ സഹകരണം അനിവാര്യമാണ്. ഒരു സർക്കാർ വിദ്യാലയത്തിന്റെ പരാധീനതകൾക്കുള്ളിൽ നിന്നുകൊണ്ട് നാടിന് മുഴുവൻ വിജ്ഞാനത്തിന്റെ പ്രകാശം പരത്തി ഈ വിദ്യാലയം ഇനിയും മുന്നേറട്ടെ

# പൊതുവിദ്യാലയങ്ങൾ അന്താരാഷ്ട്ര നിലവാരത്തിലേക്ക്



മുരുകദാസ് പി വി

കേരളത്തിലെ പൊതുവിദ്യാഭ്യാസം വളർന്നുവന്നത് നവോത്ഥാന നായകരുടെയും നവോത്ഥാന പ്രസ്ഥാനങ്ങളുടെയും ശ്രമഫലമായാണ്.സാമൂഹികവും സാമ്പത്തികവുമായ വേർതിരിവുകൾ കാരണം വിദ്യാഭ്യാസഅവകാശം നിഷേധിക്കപ്പെട്ടവർക്കുവേണ്ടി നടത്തപ്പെട്ട ധീരമായ സമരങ്ങൾ, സമൂഹത്തിന്റെ മുൻകൈയോടെ നടന്ന ക്രിയാത്മകമായ പ്രവർത്തനങ്ങൾ, ഭരണകൂടങ്ങൾ നടപ്പിലാക്കിയ പരിഷ്കാരങ്ങൾ ഇവയെല്ലാം എല്ലാവർക്കും വിദ്യാഭ്യാസം ഉറപ്പാക്കുന്ന രീതിയിലേക്ക് നയിച്ചു.എന്നാൽ ഗുണനിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പാക്കുന്നതിൽ സമൂഹത്തിന്റെ ആഗ്രഹത്തിനനുസരിച്ച്,കാലഘട്ടത്തിന്റെ മാറ്റത്തിനനുസരിച്ച് മുന്നേറാനായിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതുണ്ട്. ലോകത്തുണ്ടാകുന്ന മാറ്റങ്ങളും സമൂഹത്തിന്റെ പുതിയ ആവശ്യങ്ങളും സാധ്യതകളും നമ്മൾ കണ്ടില്ല എന്ന് നടിക്കരുത്. ഇവയെല്ലാം പരിഗണിച്ച് കാലോചിതവും ശാസ്ത്രീയവും ലോകനിലവാരത്തോട് കിടപിടിക്കുന്നതുമായ വിദ്യാഭ്യാസം ഓരോ വിദ്യാർത്ഥിക്കും നൽകുന്നതിന് വേണ്ടി പൊതു വിദ്യാലയങ്ങൾ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർന്നുകൊണ്ടിരിക്കുകയാണ്.

## പൊതുവിദ്യാലയങ്ങൾ ഹൈടെക് മികവിലേക്ക്

ആധുനിക സാങ്കേതികവിദ്യ കൂടുതൽ സാധ്യതകളാണ് തുറന്നു തരുന്നത്. കമ്പ്യൂട്ടറും ഇന്റർനെറ്റുമെല്ലാം വിദ്യാഭ്യസനിലവാരം ഉയർത്താൻ വേണ്ടി ഉപയോഗിക്കാനാകും. ഇതിന്റെ ഭാഗമായി കേരളത്തിലെ ഹൈസ്കൂൾ ഹയർസെക്കന്ററി സ്കൂളുകളിലെ 45000 ക്ലാസ്സ് മുറികൾ 2018-2019 അദ്ധ്യയനവർഷത്തിൽ ഹൈടെക് ആയി മാറി കഴിഞ്ഞു.അടുത്ത അദ്ധ്യയന വർഷത്തിൽ എല്ലാ പ്രൈമറി ക്ലാസ്സുകളിലേക്കു ഹൈടെക് സൗകര്യങ്ങൾ ഒരുങ്ങുകയാണ് .

ഭൗതിക സൗകര്യങ്ങൾ ഒരുക്കുകമാത്രമല്ല ,ഇവ ഉപയോഗിച്ച് മെച്ചപ്പെട്ട പഠനാനുഭവങ്ങൾ നൽകുന്നതിനുവേണ്ടി ഐ .ടി അധിഷ്ഠിത പഠനവിഭവങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് സമഗ്ര എന്നപേരിൽ ഡിജിറ്റൽ പഠന വിഭവപോർട്ടൽ ആരംഭിച്ചുകഴിഞ്ഞു .ഈ പോർട്ടലിനെ അടിസ്ഥാനമാക്കി എല്ലാ അധ്യാപകർക്കും വിഷയാധിഷ്ഠിതമായി പരിശീലനവും നൽകി കഴിഞ്ഞിരിക്കുന്നു .

ഓരോവിദ്യാലയത്തിലും 'ലിറ്റിൽ കൈറ്റ്സ് 'എന്നപേരിൽ വിദ്യർത്ഥികളുടെ കൂട്ടായ്മരൂപീകരിച്ചുകൊണ്ട് അവർക്ക് വേണ്ടി പ്രത്യേക ഐ.ടി പരിശീലന പദ്ധതികൾ നടപ്പിലാക്കി വരുന്നു.ലിറ്റിൽ കൈറ്റ്സ് വിദ്യർത്ഥികളുടെ നേതൃത്വത്തിൽ ഡിജിറ്റൽ മാഗസിനുകളും ഡോക്യുമെന്ററികളും സ്കൂൾതലത്തിൽ പ്രസിദ്ധീകരിക്കുന്നു.

ഇങ്ങനെ വൈവിധ്യമാർന്ന പ്രവർത്തനങ്ങളിലൂടെ പൊതുവിദ്യാലയങ്ങൾ മികവിന്റെ പാതയിലേക്ക് മുന്നേറുകയാണ് .ഓരോ കുട്ടിയും സവിശേഷമായ കഴിവുള്ളവരാണ് .
കഴിവുകളിലെ വ്യത്യസ്തത മാനിക്കപ്പെടണം. അതിനാൽ ഓരോ കുട്ടിക്കും പരിഗണന നൽകുന്ന വിധത്തിൽ വിദ്യാഭ്യാസം മാറ്റിഎടുക്കേണ്ടതുണ്ട്. അതിനുവേണ്ടി അധ്യാപകരും വിദ്യാർത്ഥികളും രക്ഷിതാക്കളും പൊതുസമൂഹവും ഒരുമിച്ച് പ്രവർത്തിച്ചു കൊണ്ട് ഈ മഹത്തായ ലക്ഷ്യത്തിലേക്ക് മുന്നേറാം.

# എലിയും പരുന്തും





കൃഷ്ണജ രാധാകൃഷ്ണൻ 8B

പണ്ട് ഒരു വനത്തിൽ ഒരു പരുന്തും എലിയും താമസിച്ചിരുന്നു. ആൽമരത്തിന് താഴെയുള്ള പൊത്തിലാണ് എലി കഴിഞ്ഞിരുന്നത്. ആ മരത്തിൽ തന്നെ കൂട് വെച്ച് പരുന്തും. ഒരു ഹേമന്തകാലത്ത് പരുന്തിന് മൂന്ന് കുഞ്ഞുങ്ങളും എലിക്ക് നാല് കുഞ്ഞുങ്ങളും ഉണ്ടായി ഒരു ദിവസം എലി തീറ്റയന്വേഷിച്ച് പോയ തക്കം നോക്കി പരുന്ത് എലിയുടെ മാളത്തിൽ ചെന്ന് ഒരു എലിക്കുഞ്ഞിനെ തട്ടിയെടുത്തു. എലി തിരിച്ചു വന്നപ്പോൾ കാര്യം അറിഞ്ഞു, എലി പരുന്തിന്റെയടുത്ത് ചെന്ന് യാചിച്ചു.

"പരുന്തമ്മേ , നിങ്ങൾ എന്റെ കുഞ്ഞിനെ കൊല്ലരുത് നമ്മൾ നല്ല സുഹൃത്തുക്കളല്ലേ. "

പരുന്ത് പറഞ്ഞു "നിനക്കിനി മൂന്ന് കുഞ്ഞുങ്ങളുണ്ടല്ലോ. അത് മതി ഒന്നിനെ ഞാനെന്റെ കുഞ്ഞുങ്ങൾക്ക് കൊടുക്കും. "

എലി കരഞ്ഞ് കൊണ്ട് പുറത്തിറങ്ങി അതിന് അടക്കാൻ പറ്റാത്ത ദേഷ്യമായി . പരുന്തിനെ ഒരു പാഠം പഠിപ്പിക്കണമെന്ന് എലി കരുതി . അവൻ സ്വന്തം മാളം മണ്ണ് കൊണ്ട് അടച്ചിട്ട് ഇലകളൊക്കെ കൂട്ടി തീയിട്ടു. തീ പടർന്ന് പരുന്തിന്റെ കൂട്ടിലേക്ക് നീങ്ങി, പരുന്തിന് ആധിയായി. തന്റെ കൂടിന് ചൂട് പിടിക്കും . കുഞ്ഞുങ്ങൾ വെന്ത് ചാവും . എലിയോട് പരുന്ത് ക്ഷമ ചോദിച്ചു. എലി മണ്ണിട്ട് തീയണച്ചു. അവർ വീണ്ടും സുഹൃത്തുക്കളായി

# 2018 ഫോട്ടോ ഗ്യാലറി



പ്രവേശനോൽസവം

സ്വാതന്ത്ര്യദിനം 2018





പ്രളയദുരിതാശ്വാസവുമായി SPC

# 2018-19 പ്രവർത്തനങ്ങളിലൂടെ

പ്രളയദുരിതാശ്വാസവുമായി അധ്യാപകരും





പ്രളയബാധിതരായ കുട്ടികൾക്ക്

പഠനോപകരണങ്ങൾ BRC ക്ക് കൈമാറുന്നു

അധ്യാപകദിനത്തിൽ

അധ്യാപകരെ ആദരിക്കുന്നു





അധ്യാപകദിനാശംസകൾ

# Srinivasa Aiyangar Ramanujan



ജിത്തു പി എം ക്ലാസ് 9

**Born: 22 December 1887 in Erode, Tamil Nadu state, India**
**Died: 26 April 1920 in Kumbakonam, Tamil Nadu state, India**

**Ramanujan was born in his grandmother's house in Erode, a small village about 400 km southwest of Madras. When Ramanujan was a year old his mother took him to the town of Kumbakonam, about 160 km nearer Madras. His father worked in Kumbakonam as a clerk in a cloth merchant's shop. In December 1889 he contracted smallpox.**



**When he was nearly five years old, Ramanujan entered the primary school in Kumbakonam although he would attend several different primary schools before entering the Town High School in Kumbakonam in January 1898. At the Town High School, Ramanujan was to do well in all his school subjects and showed himself an able all round scholar. In 1900 he began to work on his own on mathematics summing geometric and arithmetic series.**

**Ramanujan was shown how to solve cubic equations in 1902 and he went on to find his own method to solve the quartic. The following year, not knowing that the quintic could not be solved by radicals, he tried (and of course failed) to solve the quintic.**

**It was in the Town High School that Ramanujan came across a mathematics book by G S Carr called *Synopsis of elementary results in pure mathematics*. This book, with its very concise style, allowed Ramanujan to teach himself mathematics, but the style of the book was to have a rather unfortunate effect on the way Ramanujan was later to write down mathematics since it provided the only model that he had of written mathematical arguments. The book contained theorems, formulae and short proofs. It**

**also contained an index to papers on pure mathematics which had been published in the European Journals of Learned Societies during the first half of the 19$^{th}$ century. The book, published in 1856, was of course well out of date by the time Ramanujan used it.**

**By 1904 Ramanujan had begun to undertake deep research. He investigated the series $\sum(^1/_n)$ and calculated Euler's constant to 15 decimal places. He began to study the Bernoulli numbers, although this was entirely his own independent discovery.**

**Why is the number 1729 known as the Ramanujan number?**

**When Ramanujan heard that Hardy had come in a taxi he asked him what the number of the taxi was. Hardy said that it was just a boring number: 1729. Ramanujan replied that 1729 was not a boring number at all: it was a very interesting one. He explained that it was the smallest number that could be expressed by the sum of two cubes in two different ways.**

**There are two ways to say that 1729 is the sum of two cubes. 1x1x1=1; 12x12x12=1728. So 1+1728=1729 But also: 9x9x9=729; 10x10x10=1000. So 729+1000=1729 There are other numbers that can be shown to be the sum of two cubes in more than one way, but 1729 is the smallest of them.**

- **1729 $= 12^3 + 1^3$**
- **1729 $= 10^3 + 9^3$**

# ഇന്ത്യയിൽ ആദ്യം





ദ്രൗപതി ദിനേശ്

* എവറസ്ററ് കൊടുമുടി കയറിയ വനിത
* പ്രഥമ ഇന്ത്യൻ വനിതാ പ്രധാനമന്ത്രി
* ഇന്ത്യൻ നാഷണൽ കോൺഗ്രസ് പ്രസിഡൻറ്
* ഇന്ത്യൻ നാഷണൽ കോൺഗ്രസ് വനിതാ പ്രസിഡൻറ്
* പ്രഥമ വനിതാ കേന്ദ്രമന്ത്രി
* ഡൽഹി ഭരിച്ച പ്രഥമ മുസ്ലീം വനിത
* പ്രഥമ സംസ്ഥാന വനിതാ മുഖ്യമന്ത്രി
* പ്രഥമ സംസ്ഥാന വനിതാ മന്ത്രി
* പ്രഥമ ഇന്ത്യൻ ബഹിരാകാശ സഞ്ചാരി
* ആദ്യത്തെ ടെസ്ററ്ട്യൂബ് ശിശു
* ആദ്യത്തെ മിസ് യൂണിവേഴ്സ്

## ഉത്തരങ്ങൾ

* ബചേന്ദ്രിപാൽ
* ഇന്ദിരാഗാന്ധി
* W C ബാനർജി
* സരോജിനി നായിഡു
* രാജ്കുമാരി അമൃത്കൗർ
* റസിയാബീഗം
* സുചേതാകൃപലാനി
* വിജയലക്ഷ്മി പണ്ഡിററ്
* രാകേശ് ശർമ്മ
* ബേബി ഹർഷ
* സുസ്മിതാസെൻ

# അക്കാദമിക മികവിലേക്ക്

## ബഹിരാകാശവാരാഘോഷം



പുസ്തകപ്രദർശനം



പോസ്റ്റർ നിർമ്മാണം



ചാന്ദ്രദിനം




സ്കൂൾ അസംബ്ലിയിൽ നിന്ന്

# HISTORY QUIZ



ബിനിമോൾ ജോസ്

1. Who is The Chairman of the Constituent Assembly?
2. In which year the state AndraPradesh was formed?
3. Who is the Secretary of  states department?
4. States Reorganisation Act was formed in?
5. Who is the leader of the newspaper 'Young India'?
6. Who is the founder of 'Kerala Kalamandalam'?
7. Which is the special education plan proposed by Gandhiji?
8. Hindu Widow remarriage Act was formed in -?
9. Which are the constitutional institutions?
10. The first World War and second World War was started in which year?

**Answers:**

1. **Dr.Rajendra Prasad.**
2. **1953.**
3. **V P Menon**
4. **1956.**
5. **Mahatma Gandhi.**
6. **Mahakavi Vallathol Narayana Menon**
7. **Wardha Education Plan**
8. **1856**
9. **UPSC and Kerala PSC**
10. **First World War - 1914**
    **Second World War - 1939**

# ആധുനിക നവമാധ്യമങ്ങളും വിദ്യാഭ്യാസവും






ബോമിൻ ബിനോയി 9B

ഇന്നെത്ത മുഴുനീള യന്ത്രവൽകൃത ആധുനീകവൽകൃത സമൂഹത്തിൽ നവമാധ്യമങ്ങൾ വിദ്യാഭ്യാസത്തിൽ വളരെയധികം പ്രാധാന്യം നൽകുന്നു.അവ വിദ്യാഭ്യാസത്തിൽ മേൽ വളരെയധികം സ്വാധീനം ചെലുത്തുന്നു പരിഷ്കൃമല്ലാതിരുന്ന സമൂഹത്തിൽ ഉണ്ടായിരുന്ന, വിദ്യാഭ്യാസത്തിന് ആണ് പ്രാധാന്യം നൽകിക്കൊണ്ടിരുന്ന റേഡിയോ, വർത്തമാന പത്രം,വിവിധ പുസ്തകങ്ങൾ തുടങ്ങിയവക്കു പുറമേ ഇന്ന് ആധുനികവൽകൃത സുമൂഹത്തിലെ മാധ്യമങ്ങളായ ഗൂഗിൾ, യൂടൂബ് ,ക്രോം തുടങ്ങിയവ വളരെയധികം വിദ്യാഭ്യാസത്തിന് പ്രത്യേകിച്ച് സ്കൂൾ വിദ്യാഭ്യാസത്തിനും പൊതു വിജ്ഞാനത്തിനും വളരെയധികം ബഹായിക്കുന്നു. ഇന്ന് ലോകത്തിലെ ഏതു കോണിൽ നിന്നും ഒരൊറ്റ ഞെക്കിൽ ലോകത്തിലെ സകല വിവരങ്ങളും നമുക്ക ലഭിക്കുന്നു. ഇന്റർനെറ്റ് എന്ന സംവിധാനം ലോക വിദ്യാഭ്യാസത്തൽ വളരെയധികം സ്വാധിനം ചെലുത്തുന്നു ഒരു വിദ്യാഭ്യാസ സിലബസുമായി ബന്ധപ്പെട്ട ചിത്രങ്ങൾ വിഡിയോ തുടങ്ങിയവ ഇന്റർനെറ്റിലെ ഒരൊറ്റ ക്ലിക്കിൽ ഞൊടിയിടയിൽ ലഭിക്കുന്നു. ചാൾസ് ബാബേജിന്റെ കണ്ടുപിടിത്തമായ കമ്പ്യൂട്ടർ എന്ന ഉപകരണം നിലവിൽ വന്നതോടെ വളരെ അധികം പുരോഗതി നവമാധ്യമങ്ങളുടെ തരംഗത്തിൽ ഒരു തിളങ്ങുന്ന കണ്ണിയാവുകയും വിദ്യാഭ്യാസ പുരോഗതിയിൽ ലോകത്തിൽ തന്നെ വൻ മാറ്റങ്ങൾ സൃഷ്ടിക്കുകയും ചെയ്തു . ഇന്ന് ലോക വിദ്യാഭ്യാസം തീർത്തും കമ്പ്യൂട്ടറൈസ് ചെയ്യുന്നു ജോൺ ലോജിക് ബേഡിന്റെ ടെലിവിഷനും വളരെ വലിയ പങ്ക് ആധുനിക വിദ്യാഭ്യാസ പുരോഗതിക്കുനൽകുന്നുണ്ട്. ലഭിക്കാനും പങ്കിടാനുമുള്ള ജ്ഞാനം ഇന്ന് മാധ്യമങ്ങൾ വഴി ഒരു പോലെ ലഭിക്കുകയും പങ്കിടുകയും. ചെയ്യുന്നു. ടെലിവിഷനിൽ ഇന്ന് കേരളത്തൽ ലഭിക്കുന്ന വിക്ടേഴ്സ് പോലുള്ള ചാനലുകളും മറ്റ് അനേകം ലോകമെമ്പാടും ലഭിക്കുന്ന ചാനലുകളുമെല്ലാം വിദ്യാഭ്യാസ മേഖലയിൽ അഭിനന്ദനീയമായി ജ്ഞാനത്തെ പങ്കുവേയ്ക്കാനും നേടാനും നമ്മെക്കൊണ്ട് സാധിപ്പിക്കുന്നു മൊബൈൽ ഫോൺ പോലുള്ള ഉപകരങ്ങളും വളരെയധികം സ്വാധിനം ചെലുത്തുന്ന വിഷയങ്ങളിലെന്നാണ് വിദ്യാഭ്യാസം. വിദ്യാഭ്യാസ സംബന്ധമായ ബുദ്ധി വളരുന്ന വീഡിയോ ഗെയിമുകളും .സുഡോണിലെയും മറ്റും ഉപമാധ്യമങ്ങളായ ഗൂറ്റിൻ, ക്രോം,യുട്യൂബ് പോലുള്ളവയും വളരെയധികം സ്വാധീനം ചെലുത്തുന്നതും കെകടത്തുന്നതും വിദ്യാഭ്യാസമേഖകളിൽ തന്നെയണ്. ഗൂഗിൾ,യുട്യൂബ്,ക്രോം,ഫേസ്ബുക്ക്,വാട്സാപ്പ് തുടങ്ങിയവയാണ് ഉപമാധ്യമങ്ങൾ. നല്ലൊരു നേതാവായ നാം അണികളോട് കൽപ്പിക്കുന്നത് പോലെയാണ് ഉപമാധ്യമങ്ങളോട് കൽപ്പിക്കുന്നത്. നമ്മുടെ ഇച്ഛയനുസരിച്ച് പ്രവർത്തിക്കുന്നവയാണവ. വിദ്യാഭ്യാസവുമായി ബന്ധപ്പെട്ടോ വിദ്യാഭ്യാസ സിലബസുമായി ബന്ധപ്പെട്ടോ,പൌതുവിജ്ഞാനവുമായി ബന്ധപ്പെട്ടോ ചോദിച്ചാൽ ഞൊടിയിടയിൽ എത്തും ഉത്തരം

ജാൻ കാം ബ്രയാൻ ആക്ഷൻ എന്നിവർ ചേർന്ന് തയ്യാറാക്കിയ ഗൂഗിളിൽ എന്തു വിവരവും ഞൊടിയിടയിൽ കിട്ടും. വിദ്യാഭ്യാസം ആധുനികവൽകരിക്കുമ്പോൾ ഏറ്റവും ഉപകാരിയായ ഒരു മാധ്യമം ആയിരിക്കും ഗൂഗിൾ. ഗൂഗിളിന്റെ തന്നെ വേറെ പകർപ്പുകളാണ് ക്രോം, ഡൂഡിൽ തുടങ്ങിയവ. വിദ്യാഭ്യാസ പുരോഗതിക്കായി ഏറ്റവും കൂടുതൽ ചൂണ്ടിക്കാണിക്കപ്പെടുന്ന മാധ്യമവും ഗൂഗിൾ തന്നെ. യുട്യൂബ് ഗൂഗിൽ പോലെ ഉപയോഗിക്കവുന്ന ഒരു മാധ്യമമാണ്. ഫേസ്ബുക്കും, വാട്സാപ്പുമെല്ലാം മറ്റ് രിതികളിൽ ഉപയോഗിക്കവുന്നവയാണ്. .ഇങ്ങനെയുള്ള നവ മാധ്യമങ്ങൾക്കും ചില പോരായ്മകളുണ്ട്. വിദ്യാഭ്യാസ ആവശ്യങ്ങൾക്കായി ഇവ സന്ദർശിക്കുന്ന കുട്ടികളും മുതിർന്നവരുമുൾപ്പടെ ഇവയുടെ ചീത്ത വശങ്ങളിലേക്കു പോകുന്നു. അവ അവരെ ആകർഷിക്കുന്നു.വികസനത്തിനൊപ്പം നവമാധ്യമങ്ങളും അവക്കൊപ്പം അവയുടെ പോരായ്മകളും ഗുണങ്ങളും വികസിക്കുന്നു. നാം ഗുണഭോക്താക്കളായി മാറണം. ദോഷത്തെ അകറ്റണം....



**ഇടമലയാർ സർവീസ് സഹകരണ ബാങ്ക് മൈക്ക് സെറ്റ് കൈമാറുന്നു**

**ക്ലാസ് മുറികളിലേക്ക് ഫാനുകൾ സംഭാവന നൽകി വനിതാ സഹകരണ സംഘം**





**സൗജന്യ അരി വിതരണം**

**ക്ലാസ് പി ടി എ**



# പുരു



ബിനുകുമാർ എസ്
എച്ച് എസ് എ (മലയാളം)

എന്തു കരുതി ഞാനെൻ യൗവനം
എന്നച്ഛനേകുമെൻ തമ്പുരാനെ
എന്തു വിശ്വാസത്താൽ നൽകുമെന്റെ
സ്നിഗ്ദ്ധമാം തേജസ്സുമാരോഗ്യവും
വേണ്ടാപകരം എനിക്കൊന്നുമെങ്കിലും
എന്നിലെ നഷ്ടത്തെ തള്ളരുതേ !
മാറത്തണക്കാനും മാടിവിളിക്കാനും
താതന്റെ ശബ്ദം വിറയ്ക്കുമെന്നും
ഓർക്കുമ്പോഴെന്നിലെ സ്തോഭം മുറുകുന്നു
അച്ഛന്റെ ആശയും മുപ്പെത്തുന്ന
കാമത്തിൻ തീട്ടൂരം തീറെഴുതി
വാങ്ങിയതാണെൻ പിതാവിൻ ഗന്ധം
എന്നിലെ താപവും എന്നിലെ മോഹവും
എന്നിലെ കാമവും ശിലരൂപമായ്
തീരവും താളവും ഒന്നായി മാറും
ശിവനും ശക്തിയും ലവ രൂപമാകും
ഇതു തന്നെയല്ലേ ഇന്നിന്റെ സർഗ്ഗം
ഇതു തന്നെയല്ലേ ഇന്നിന്റെ ശക്തി !

ഭൂതകാലത്തിൻ ജഠരാഗ്നിവിങ്ങുന്നു
പേറ്റുനോവാവായിട്ടിന്നുമെൻ മുന്നിൽ
അമ്മയാം പ്രകൃതിയെ കാമിച്ചുഭോഗിച്ച
ഈഡിപ്പസ് വാഴുമി നവ്യലോകം
തേനോലും പാട്ടിലും കുളിരോലും കാറ്റിലും
തുമഞ്ഞിൻ സ്പർശനം തേടിടുന്നു
അച്ഛന്റെ വീഴ്ചയും അമ്മയാം തൺമയും
എന്നെന്നും എന്നുയിരായി കേൾപ്പൂ
യയാതിഭൂപന്നു നിത്യവും വേണം
സ്നേഹപൂർത്തിക്കായി കുയിലിണകൾ
വാസരസ്വപ്നങ്ങൾ വ്യഥിതായി
കാമുക ഹൃദയം മലിനമായി
തിരത്തണഞ്ഞു മൃദുല വികാരങ്ങൾ
ഗുരുവിന്റെ ശാവവും നിറമണിഞ്ഞു

ശൂന്യമായ് മാറി ഉൾത്തടങ്ങൾ
പൊങ്ങു തടിപോലായ് മാറിദേഹം
കാലത്തിൻ കുത്തൊഴുക്കാൽ  തളർന്നു
ചെതുമ്പെട്ടുത്തടരും ഈട്ടിപോലെ !
ചിന്തകൾ പേറി ജരാനരയും
മാനിയാം മഹിതന്റെ തിരുവുടലിൽ
സുന്ദര രൂപിയാം എൻ നിറയൗവനം
ദാനമായ് ചോദിക്കാനുള്ള മോഹം
ഏറെപണിപ്പെട്ടാണെൻ പിതൃതന്ത്രികൾ
ഓമനിക്കാനെത്തിയെ സത്യം
കേട്ടപ്പോഴെൻ കരളിന്നൊരുൾക്കിടിലം
വച്ചു മാറിടേണ മവസ്ഥകളെ !
വാത്സല്യധീരുവാം പൂരുവും ചിന്തിച്ചു
അച്ഛന്റെ ആഗ്രഹം കത്തി നിന്നു
മറ്റൊന്നും നോക്കാതെ തൻ നിറയൗവ്വനം
പിതാവിൻ സ്വർഗപൂർത്തിക്കായ് വച്ചു!

പൊട്ടിത്തഴയ്ക്കുന്നു നൂതന മോഹങ്ങള്ൾ
വറ്റി വരളുന്നു പൂരുവിൻ വംശം
തന്നുടെ യൗവനം വച്ചു മാറാൻ
ഏതൊരു പൂരുഷനാഗ്രഹിക്കും
തേന്നൂറിനിൽക്കുമികുങ്കുമപുഷ്പത്തിൽ
കാളകൂടം ചേർക്കാനാർ ശ്രമിപ്പൂ?
ഈട്ടറ്റ ജീവിതം കേടറ്റതാക്കാനെ-
ന്നും ശ്രമിക്കുന്നോരി ജൻമം
വേരറ്റ പൂരുവിന്നുയിർ  കൊടുപ്പാ-
നിനിയെന്ന് തുടികൊട്ടും ജീവവായു
 ഇനിയെന്ന തുടികൊട്ടും ജീവവായു.!



ട്രാഫിക്ക് ക്ലബ് രൂപീകരണം

ഗാന്ധി ജയന്തി ദിനാഘോഷം





ഹൈടെക്ക് ക്ലാസ് മുറികൾ
ചെയ്ത്
ശ്രീ ആന്റണി ജോൺ എം എൽ എ



ഹൈ ടെക്ക് ക്ലാസ് മുറികൾ ഉദ്ഘാടനം

കരനെൽകൃഷി വിത്ത് വിതച്ച്
എം എൽ എ





ക്രിസ്തുമസ് നവവൽസരാഘോഷം

ORC സ്മാർട്ട് 40 ക്ലാസ്



# സുനാമി





സച്ചു സെല്ലോ 10 എ

അതൊരു തിരതള്ളലായിരുന്നു. കാലാന്തരങ്ങളോളം ഹൃദയത്തിന്റെ ഉള്ളറയിൽ അടക്കിവച്ചിരുന്ന ആഗ്രഹത്തെ കൈയെത്തിപിടിക്കാനുള്ള ത്വരയുടെ ഏറ്റവും ഉന്നതിയിലുള്ള ഒരു കുതിപ്പ്.

ആ കുതിപ്പിൽ തന്നെ നോക്കി ആഹ്ലാദിക്കുന്നവരേയും തന്നിലേയ്ക്ക് ഇറങ്ങി ആനന്ദിച്ചവരേയും അവൾ കണ്ടില്ല.പകരം കാലങ്ങളോളം തന്നെ താനാക്കി നിർത്തിയവനോടുള്ള സ്നേഹം മാത്രം ആയിരുന്നു. അവനൊരിയ്ക്കലും തന്റെ അരികിൽ വരാൻ കഴിയില്ലെന്ന് അവൾക്കറിയാമായിരുന്നു. എന്നും കണ്ണോട് കണ്ണ് നോക്കി ശാന്തമായി നിശബ്ദമായി അവർ സ്നേഹിച്ചു. ഒടുവിൽ തന്റെ സ്നേഹത്തിന്റെ തീവ്രത കരുത്താക്കി അവൾ ഉയർന്ന് പൊങ്ങി. ആ ഉയർപ്പിൽ അവൾക്കൊപ്പം ആരൊക്കെയോ കൂടെ കൂടി. അവളുടെ പേര് കടൽ എന്നായിരുന്നു. അവൻ ആകാശവും. അവളുടെ കുതിപ്പിന് 'സുനാമി' എന്ന് പേരിട്ട് ആളുകൾ വിളിച്ചു.

# SAKUNTALA DEVI

## India's Human Computer (1929 – 2013)



അമൽ ചന്ദ്രൻ 10 B


**Born in a well-known family of Brahmin priests in Bangalore, Shakuntala Devi received her early lessons in mathematics from her grandfather. By the age of five she was recognized as a child prodigy and an expert in complex mental arithmetic. A year later she demonstrated her talents to a**




**Hailed as an authentic heroine of our times her feats are recorded in the Guinness Book of World Records. She has made international headlines for out-performing and out-computing the most sophisticated computers in the world.Yet, Shakuntala Devi dislikes being called the 'human computer' . She strongly believes that people have minds better than any computer. Her passionate interest in exploring and expanding the learning capacity of the human mind led her to develop the concept of 'mind dynamics' .**


**She maintains that a child's curiosity and receptivity during infancy and childhood can never be matched, and we must nurture the young minds by offering the right learning process and motivation to develop the innate strengths possessed by every child.**
**She has authored many books especially the world famous Figuring: the Joy of Numbers where she shares some of the methods of mental calculations. Puzzles to puzzle you, More Puzzles to Puzzle you, The Book of Numbers, Mathability: The Math Genius in Your Child, Astrology for you, Perfect Murder, In the Wonderland of Numbers and Awaken the Genius in Your Child are some of the books authored by her. (All books available at our store)**

*"Numbers have life; they're not just symbols on paper." - Shakuntala Devi*





കേരളം പ്രളയ കെടുതിയിൽ
69
മണ്ണിടിച്ചിലിൽ തകർന്ന ഒരു വീട്
കൊച്ചി അന്താരാഷ്ട്ര വിമാനത്താവളം വെള്ളത്തിനടിയിൽ
കൊച്ചിയിലെ ഫ്ലാറ്റുകൾ

# ഋതു



അജിത്  ഇ കെ
എച്ച് എസ് എ(മലയാളം)

വസന്തം,
അതിന്റെ വരവ്
 മുൻകൂട്ടി അറിയിക്കാറില്ല
 അത് അനുഭവിച്ച ശേഷമേ
 നാം അറിയാറുള്ളൂ

കാലത്തിന്റെ ഏതുബിന്ദുവിലാണ്
രണ്ടു ഋതുക്കൾകണ്ടുമുട്ടുന്നത് ?
പൂമണത്തിനും
കുയിൽപാട്ടിനും മുൻപ്
വസന്തത്തിന്റെ വേരുകൾ
എവിടെ നിന്നാണ്  തുടങ്ങുന്നത്?

ഋതുഭേദം
സ്നേഹത്തിന്റെ ജനനം പോലെയാണ്
അപ്രതീക്ഷിതമായി,
എത്ര സമർത്ഥമായി ശ്രമിച്ചാലും
തുടക്കം ഓർമ്മിച്ചെടുക്കാൻ കഴിയാതെ....

എന്നാൽ ഒന്നുറപ്പിക്കാം,
ഉള്ളിൽ
സ്നേഹം മുളപൊട്ടുമ്പോൾ മുതൽ
മനുഷ്യൻ
വസന്തത്തെ അനുഭവിച്ചു തുടങ്ങുന്നു

# പൈങ്കിളിയും തൻ പൈതങ്ങളും



കാർത്തിക റെജി



ഉള്ളിൽ നോവാൽ പൈങ്കിളി നെയ്തൊരു കൂട്
കൂട്ടിലെ കുഞ്ഞുങ്ങൾക്ക് താരാട്ടാകുവാൻ
ഇളം കാറ്റും മെല്ലെ ചേർന്നണഞ്ഞു
അന്നാ പൈങ്കിളി തൻ കൊക്കാൽ തന്നുടെ
ദേഹം മിനുക്കിയിരിക്കേ
താഴെ മാവിൻചില്ലയിൽ നിന്നാ
ശബ്ദം കേട്ടു
ഝടുതിയിൽ പൈങ്കിളി ഓടിയെത്തി
പിന്നെ മനസലിഞ്ഞുപോയി
കണ്ടു പൈങ്കിളി ആ കാഴ്ച
ആകാശത്തിന്റെ കൈവെള്ളയിലേക്ക്
പറന്നുയരുന്ന തൻ കുഞ്ഞുങ്ങളെ
തന്റെ ചിറകിൻ കീഴിൽ കൺ
ചിമ്മി ഉറങ്ങുന്ന പൈതങ്ങൾ
അവർ തന്റെ മുന്നിലൂടെ
പറന്നുല്ലസിക്കുന്ന കാഴ്ച
പൈങ്കിളി നോക്കി നിന്നു.

# വേദനിക്കാത്ത മനുഷ്യർ



ആൽബർട്ട് ആന്റണി
ക്ലാസ് 10 A

പൊരിച്ച് വെച്ച റൊട്ടിക്കഷണങ്ങൾ കൊതിയോടെ നോക്കി ഇരിക്കുകയാണ് രാമൻ. അമ്മ അവനോട് പറഞ്ഞു. "മോനേ തൊടല്ലേ. നല്ല ചൂടുണ്ട്. " അടുത്ത നിമിഷം രാമൻ ആവി പറക്കുന്ന ഒരു റൊട്ടിയെടുത്ത് വായിലേക്കിട്ടു. അവന്റെ കൈയ്യും വായുമെല്ലാം പൊള്ളി. പക്ഷെ രാമൻ കരഞ്ഞതേയില്ല. പിന്നീടാണ് എല്ലാവരും അത് ശ്രദ്ധിച്ചത്. വീണാലോ കൈ മുറിഞ്ഞാലോ പൊള്ളിയാലോ ഒന്നും രാമൻ കരയുന്നില്ല. അങ്ങനെയാണ് അമ്മ രാമനെ ഡോക്ടറെ കാണിച്ചത്. കുറെ പരിശോധനകൾക്ക് ശേഷം ഡോക്ടർ ആ ഞെട്ടിക്കുന്ന സത്യം കണ്ടെത്തി. രാമൻ എന്ന അഞ്ച് വയസുകാരന് വേദന അറിയാനുള്ള കഴിവില്ല. അതേ വേദന അറിയാത്ത ആളുകൾ. അങ്ങനെയും ചിലരുണ്ട്. 1930 ൽ അമേരിക്കയിൽ ഒരു സ്ത്രീയിലാണ് ഈ പ്രത്യേകത ആദ്യമായി തിരിച്ചറിഞ്ഞത്. പിന്നീട് പല കാലത്തായി 32 പേരിൽ കൂടി ഇത് കണ്ടെത്തി. എന്ത് ചെയ്താലും വേദന അറിയാത്ത രണ്ട് പേർ ഇന്ന് ലോകത്ത് ജീവിച്ചിരിപ്പുണ്ട്. അതിൽ ഒരാളാണ് രാമൻ എന്ന കേരളീയൻ. മറ്റൊന്ന് ആഫ്രിക്കക്കാരിയായ ഒരു പെൺകുട്ടിയാണ്.

വേദന അറിയാത്തത് നല്ല കാര്യമല്ലേ എന്ന് തോന്നുന്നുണ്ടോ? എങ്കിൽ കേട്ടോളൂ ഈ രോഗമുള്ള കുട്ടികൾ അപകടമുള്ള ഉയരങ്ങളിലേക്ക് ചാടും. തീയിൽ കയറി പിടിച്ചാലും എത്ര ചതഞ്ഞാലും മുറിഞ്ഞാലും പിന്നെയും പിന്നെയും എടുത്ത് ചാടും. കൊതുക് കുത്തുന്നത് തൊട്ട് കത്തി കൊണ്ടുള്ള മുറിവ് വരെ ഒന്നും ഇവർ തിരിച്ചറിയുകയേയില്ല. ലോകത്തിൽ ഇത് വരെ *30* പേരിൽ മാത്രമേ വേദനയില്ലാതെയാകുന്ന ഈ അസുഖം തിരിച്ചറിഞ്ഞിട്ടുള്ളു. ഈ അസുഖത്തെ കൃത്യമായി തിരിച്ചറിയാൻ ഇതേവരെ ഗവേഷകർക്ക് കഴിഞ്ഞിട്ടില്ല.


# മിസൈൽ മാൻ ഓഫ്  ഇന്ത്യ

*റിസാൽഹർഷൽ കെ എം 10 B*



***ഭാവിയുടെ രാജ്യപാത സ്വപ്നം കാണാൻ രാഷ് ട്രത്തെ ശീലിപ്പിച്ച മഹാനായ നേതാവിന് രാഷ്ട്രത്തിന്റെ ആദരാഞ്ജലി. ഇന്ത്യയുടെ മിസൈൽമാൻ എന്നാണ് ലോക മാധ്യമങ്ങൾ അദ്ദേഹത്തെ വിശേഷിപ്പിച്ചത് . നന്മയുടെ ഹൃദയങ്ങളിലേക്ക് സ്വപ് നങ്ങൾ കാണാൻ പ്രേരിപ്പിച്ച കലാമിന് അഭിനന്ദനങ്ങൾ. ഇന്ത്യയുടെ ഊർജ്ജസ്വലമായ മുഖമായിരുന്ന എ. പി. ജെ അബ്ദുൽ കലാം. അരങ്ങൊഴിയുന്നത് രാജ്യത്തേയും ലോകത്തേയും പ്രചോദിപ്പിച്ച മഹാനുഭാവൻ . ഓർമ്മകളിൽ പോലും അദ്ദേഹം ജ്വലിക്കുന്നു .ആ സജീവ ചൈതന്യം.***


***കലാം പറയുന്നു , "ഉറക്കത്തിൽ കാണുന്നത് സ്വപ് നങ്ങളല്ല .ഉറങ്ങാൻ അനുവദിക്കാത്തവയാണ് സ്വപ് നങ്ങൾ."***



**1931 ഒക്ടോബർ 15 ന് രാമേശ്വരത്തുള്ള രാമനാഥപുരത്ത് ജൈനുലാബ്ദീന്റെയും ആഷിയാമ്മയുടെയും മകനായി എ പി ജെ അബ്ദുൽ കലാം ജനിച്ചു. അവുൽ പക്കീർ ജൈനുലാബ്ദീൻ അബ്ദുൽ കലാം എന്നായിരുന്നു മുഴുവൻ പേര്. ചെറുപ്രായത്തിൽ തന്നെ വിദ്യാഭ്യാസത്തിനുള്ള പണം കണ്ടെത്താൻ ഉദ്യത്തിന് മുമ്പ് എഴുന്നേറ്റ് പത്രം വിതരണം ചെയ്യാൻ കലാം പോകുമായിരുന്നു. രാമനാഥപുരം ഷ്വാർട്ട്സ് മെട്രിക്കുലേഷൻ സ്കൂളിൽ പ്രാഥമിക വിദ്യാഭ്യാസം. രണ്ടാം ലോക മഹായുദ്ധക്കാലത്ത് അതിന്റെ വാർത്തകളും ചിത്രങ്ങളും ഉള്ള പത്രത്തിൽ വിവിധ തരം വിമാനങ്ങളുടെ ചിത്രങ്ങൾ കലാമിനെ ഏറെ ആകർഷിച്ചിരുന്നു. 1954 ൽ തിരുച്ചിറപ്പള്ളിയിൽ നിന്ന് ഭൗതികശാസ്ത്രത്തിൽ ബിരുദം. ഒരു പൈലറ്റാവുക എന്നതായിരുന്നു കലാമിന്റെ കലാമിന്റെ ആഗ്രഹം. ഈ ആഗ്രഹപൂർത്തീകരണത്തിനായി ഉപരിപഠനം നടത്താൻ തീരുമാനിച്ച അദ്ദേഹം 1955 ൽ എയ്റോസ്പേസ് പഠിക്കുവാനായി മദ്രാസിലെത്തി. 1960 ൽ മദ്രാസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ നിന്ന് എയ്റോസ്പേസ് എഞ്ചിനീയറിങ്ങിൽ ബിരുദം നേടി. തുടർന്ന് ഡി ആർ ഡി ഓയിൽ ചേർന്ന് ഔദ്യോഗിക ജീവിതം ആരംഭിച്ചു. 1962 ൽ വിക്രം സാരാഭായിയുടെ ഉപദേശപ്രകാരം തിരുവനന്തപുരത്ത് തുമ്പയിൽ ഒരു വിക്ഷേപണകേന്ദ്രം തുടങ്ങുവാൻ കലാമിനെ ഏൽപ്പിച്ചു. അവിടെ വെച്ച് നിക്കി-അപ്പാഷെക്ക് തുടക്കം കുറിച്ചു. 1963 ൽ നിക്കി-അപ്പാഷെ പറന്നുയർന്നു. 1969-ൽ ഐ എസ് ആർ ഒയിലേക്ക് മാറ്റം. SLV-3 യുടെ പ്രോജക്ട് ഡയറക്ടറായി. ഓഗസ്റ്റ് 10-ന് SLV-3 കുതിച്ചുയർന്നു. 17 ടൺഭാരവും 23 മീറ്റർ നീളവുമുള്ള ആ റോക്കറ്റ് നിർഭാഗ്യവശാൽ 317 സെക്കന്റുകൾക്ക് ശേഷം ഇന്ത്യൻ മഹാസമുദ്രത്തിൽ പതിച്ചു. 1980 ജൂലൈ 18-ന് ആദ്യത്തെ കൃത്രിമ ഉപഗ്രഹമായ രോഹിണിയെ SLV-3 ഭ്രമണപഥത്തിലെത്തിച്ചു. പിന്നീട് പൃഥ്വി, തൃശൂൽ, ആകാശ്, അഗ്നി മിസൈലുകൾ വിജയകരമായി പരീക്ഷിച്ചു. 1970-നും 1990-നും ഇടക്ക് PSLV, SLV-3 എന്നീ പദ്ധതികളിൽ TBRL-ന്റെ പ്രതിനിധിയായി. 1981 ൽ പത്മഭൂഷണം 1990-ൽ പത്മവിഭൂഷണം നൽകി രാഷ്ട്രം അദ്ദേഹത്തിന്റെ സേവനങ്ങളെ ആദരിച്ചു. 1992 മുതൽ 1999 വരെ പ്രധാനമന്ത്രിയുടെ മുഖ്യ ശാസ്ത്ര ഉപദേഷ്ടാവായിരുന്നു. 1997-ൽ ഇന്ത്യയുടെ പരമോന്നത ബഹുമതിയായ ഭാരതരത്നം കലാമിന് ലഭിച്ചു. 1998 ലെ പൊഖ്റാൻ ആണവ പരീക്ഷണത്തിൽ നിർണ്ണായക പങ്**


വഹിച്ച കലാമിനെ പാക്ക് മാധ്യമങ്ങൾ ' മാഡ് ഇന്ത്യൻ സയന്റിസ്റ്റ് ' എന്നും ആഗോളതലത്തിൽ മിസൈൽ മാൻ ഓഫ് ഇന്ത്യ എന്നും വിശേഷിപ്പിച്ചു. 1998-ൽ ഹൃദയചികിൽസക്ക് ആവശ്യമായ ചെലവ് കുറഞ്ഞ കൊറോണറി സ്റ്റെന്റ് പ്രമുഖ ഹൃദയശസ്ത്രക്രിയയാ വിദഗ്ധനായ ഡോ സോമരാജുമായി ചേർന്ന് വികസിപ്പിച്ചു.

2002-ൽ ഇന്ത്യയുടെ പതിനൊന്നാമത് രാഷ്ട്രപതിയായി തിരഞ്ഞെടുക്കപ്പെട്ടു. 2007 വരെ ഈ പദവിയിൽ തുടർന്ന കലാം ഇതിനോടകം തന്നെ ജനകീയനായ രാഷ്ട്രപതി എന്ന നിലയിൽ പേരെടുത്തു. 2008 ജൂലൈ എട്ടിന് സുഖോയ് 30 എന്ന യുദ്ധവിമാനത്തിൽ കയറി 25000 അടി ഉയരത്തിൽ പറന്നു. ആദ്യമായി യുദ്ധവിമാനത്തിൽ പറന്ന രാഷ്ട്രപതിയായി . .2015 ജൂലൈ 27 ന് വൈകുന്നേരം 6.40 ന് ഷില്ലോങ്ങിൽ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് സംഘടിപ്പിച്ച സെമിനാറിൽ ഭൂമി ജീവയോഗ്യമായ ഗ്രഹം എന്ന വിഷയത്തിൽ ക്ലാസ് എടുത്ത് കൊണ്ടിരിക്കുന്നതിനിടെ കുഴഞ്ഞുവീണ് മരിച്ചു. ജൂലൈ 30-ന് രാമേശ്വരം പേയ്ക്കരിമ്പ് മൈതാനത്തിൽ മഹാനായ അദ്ദേഹത്തിന്റെ ഭൗതികശരീരം കബറടക്കി. മിസൈൽ മാൻ ഓഫ് ഇന്ത്യ എന്ന വിശേഷണം അർഹിക്കുന്ന ഒരേ ഒരു വ്യക്തിയേ അന്നും ഇന്നും ഇന്ത്യയിൽ ഉണ്ടായിട്ടുള്ളു . അത് അബ്ദുൽ കലാമിന് മാത്രം അവകാശപ്പെട്ട വിശേഷണം.


419
ICE
CREAM
PARLOUR


IF there is no water.
IF there is no life
MARCH 22 WORLD
WATER
DAY
By : PUNYA PRADEEP
STD : VIIIB

# പ്രളയത്തിൽ മുങ്ങുന്ന കേരളം






സ്റ്റീവാ ഷൈജു 8B

പ്രളയം വരുന്നു
അങ്ങു പടിഞ്ഞാറ് നിന്നു
കാറ്റിനെയും മിന്നലിനെയും
മറികടന്ന് ആ കാറ്റ്
കേരളത്തിൽ ആഞ്ഞടിക്കുന്നു
ഇന്നീ കേരളം ഒരു ചുഴലിക്കാറ്റി
നിന്നു കര കയറിയപ്പോഴേക്കും
വീണ്ടും വരുന്നു പ്രളയം
ദൂരെ അങ്ങ് ദൂരെ നിന്നു
വരുന്നത് കാണുമ്പോഴേ ഭയാനകം

ഭയാനകത്തോടെ നോക്കുമ്പോൾ
വലുതായ് വലുതായ് കാണുന്നു
കാണുമ്പോൾ 3D Feeling ആണു
തരുന്നത് പ്രളയം തെക്കൻ
കേരളം രക്ഷപെട്ടുവെന്ന്
കരുതിയപ്പോഴേക്കും പ്രളയം
അവിടെയും പിറകെയെത്തി
സന്തോഷിച്ചു തെക്കൻ കേരളം
കേരളം ചമ്മി നാണം കെട്ടു
കടലിന്റെ മക്കളെ പുഛിച്ചവരെ
നിങ്ങളെ രക്ഷിക്കാൻ അവർ മാത്രം
അവർ മാത്രം.........
അവർ മാത്രം.........





# സ്വഭാവശുദ്ധി

അമീൻ ബഷീർ

ഇന്ദ്രവർമ രാജാവായിരുന്നു രാജ്യം ഭരിച്ചിരുന്നത്. ചതി എന്നറിയാത്ത രാജാവായിരുന്നു അദ്ദേഹം. അദ്ദേഹത്തിന്റെ പത്നി റാണി ഇന്ദുമതിയും രാജാവിന് ചേർന്ന നല്ല സ്വഭാവമുള്ളവളായിരുന്നു. എന്നാൽ അവരുടെ പുത്രനാകട്ടെ ദുഷ്ടസ്വഭാവത്തിന് ഉടമയായിരുന്നു. മറ്റുള്ളവരെ പരിഹസിക്കുകയും ഉപദ്രവിക്കുകയുമായിരുന്നു അവന്റെ വിനോദം . കാട്ടിൽ നായാട്ടിനു പോകുന്നത് രാജകുമാരന് ഇഷ്ടമായിരുന്നു ആസമയങ്ങളിൽ മൃഗങ്ങളെ മാത്രമല്ല ,മനുഷ്യരെയും സസ്യങ്ങളെയും വരെ അവൻ ഉപദ്രവിക്കുമായിരുന്നു. ഒരിക്കൽ കാട്ടിലൂടെയുള്ള യാത്രക്കിടയിൽ, ഒരു സർപ്പം മരച്ചുവട്ടിൽ കിടന്നുറങ്ങുന്നത് കണ്ടു. അതിനെ കണ്ടപ്പോൾ രാജകുമാരന് കുസൃതി തോന്നി .ശല്യപ്പെടുത്താൻ ശ്രമിക്കുന്നതിന് മുമ്പ് പെട്ടെന്ന് പാമ്പ് ചാടി അവന്റെ കാലിൽ കടിച്ചു.ബോധം കെട്ടു പോയ അവനെ കൂട്ടുകാർ കൊട്ടാരത്തിലെത്തിച്ചു.

കുമാരന്റെ അവസ്ഥ കണ്ട് രാജാവിന് വിഷമമായി. കുമാരനെ ചികിത്സിക്കാൻ ധാരാളം വൈദ്യന്മാർ എത്തിചേർന്നു. വളരെ പ്രയാസപ്പെട്ട് ജീവൻ രക്ഷിച്ചു.രക്ഷപ്പെട്ട മകനോട് രാജാവ് ഉപദേശിച്ചു – ജീവിതത്തിൽ നാം ആരെയും ഉപദ്രവിക്കരുത്.

# ചിന്താവിഷ്ടയായ സീത




ശാന്തമായ ആ  വഴികളിലൂടെ മഴയുടെ പൊട്ടിച്ചിരിയും കേട്ട സീത ആ വഴിയിൽകൂടി നടക്കുകയാണ്. എന്നു മുറിവുകളുമായി നടക്കുന്ന സീതയുടെ മനസ് ഏകാന്തമായിരുന്നു. ഇലഞ്ഞിപ്പൂമണമുള്ള ആ വഴി വർണ്ണശബളാഭമായി തെളിഞ്ഞ് നിൽക്കുകയായായിരുന്നു.ആ മനസ്സിൽ ഒരു മുറിവു മാ തമാണ് ഉണ്ടായിരുന്നത് സന്താംകുഞ്ഞിനെ വെള്ളത്തിൽ കുടി  ഒഴുക്കി വിട്ട ആ മുറിവ് അവളുടെ ആത്മാവിൽ തങ്ങിനിൽക്കുകയാണ്.ഇത് വേഗം അവളുടെ മനസ്സിൽ ഒന്നു മിന്നിമറഞ്ഞു കത്തിജ്വലിക്കുന്ന സൂര്യൻ നേരേ ഒരു വാടിയ ചെടിയിൽ ഒരു മഴത്തുള്ളി മുത്തുകൾചാടുന്നത് പോലെ സിതയുടെ കണ്ണിൽ നിന്നുംകണ്ണുനീർ തുള്ളി മുത്തു പോലെ വീണു. ഒരു നിമിഷം അവളൊന്ന്ചിന്ത വിഷ് ടിയായി. പൊട്ടിച്ചിരിച്ച് പൊയാൻ വിതുമ്പി നിന്ന ആ മഴ ഭൂമിയെ ഇരുണ്ട നിറമാക്കി തിരിച്ചു പോയി. ഒരു നിമിഷം സീത നിറഞ്ഞ കണ്ണുകളുമായി നിന്നു. അവളുടെ ചെവികളിൽ പല പല ശബ് ദങ്ങൾകേൾക്കുന്നു കരയുന്ന കുഞ്ഞ് വെള്ളത്തിന്റെ ശബ്ദം കാറ്റുവീശുബൊൾകരിംപനകൾ ആടുന്ന ശബ്ദം. . അവൾ വളരെ പെട്ടെന്ന്  തന്നെ ഒരു ഭ്രാന്തിയായി. അവൾക്ക് വെപ്രാളമായി എന്തു ചെയ്യണമെന്നറിയാതെ സീത ആ വർണ ശബളമായ വഴികളിൽ കുടി നടന്നു കുറച്ച് നേരം കഴിഞ്ഞപ്പോൾ മേഘങ്ങളും കരഞ്ഞിരുന്നു. സീതയുടെ മുറിവ് കണ്ട മേഘങ്ങളും.  കരഞ്ഞ് തുടങ്ങി.  അത്  പൊട്ടിച്ചിതറി ഭൂമിയിൽ മഴയായി വീണു. അപ്പൊഴും ആത്മായിൽ കുത്ത് നിറച്ച മുറിവുകളോടെസിത യാത്ര തുടർന്നു.കുറച്ച കഴിഞ്ഞപ്പോൾ പച്ചതി പ്പുതപ്പ്കി വിരിച്ചത് പൊല്ലുള്ള പല്ല്. ദേഷ്യം പിടിച്ച്ഒഴുകി പൊകുന്ന് പ്പുഴയുടെ നിലവിളി സിത കേൽക്കുന്തു മരങ്ങലൾ ശാന്തമായ കാറ്റിൽ പൊട്ടിച്ചിരിച്ചരിക്കുന്നു മുന്തിരി വള്ളികൾ തളിർത്ത് നിലൽക്കുന്നതുപോലെയുള ആ വള്ളിൾ.ഇതെല്ലാം കണ്ട് നോക്കി  നിന്ന സീതയുടെ മനസ്സ് ശാന്തമായി ചെമ്പത്തിപ്പൂവ്  പോലുള്ള ആ ചോര കുഞ്ഞിന്റെ നിലവിളി നിരന്തരം കേൾക്കുകയാണ്. നേരം ഇരുട്ടി തേങ്ങാപ്പൂള് പോലുള്ള ചന്ദ്രന്റെ നേരേ മനസ് ഉരുകുന്ന സീത. ചന്ദ്രശോഭ തെളിയുന്ന ആ രാത്രിയിൽ. ചന്താവിഷ് ടിയായ സിത ആ ചന്ദ്രശോഭയില തെളിഞ്ഞു നിന്നു.ആത്മാവിന്റെ മുറിവുകൾ നിറഞ്ഞിരുന്ന ആ  മനസ്സിൽ പ്രകാശം  മിന്നി തിളങ്ങി .നക്ഷത്രക്കൂട്ടങ്ങളുടെ വികാരമായ പുഞ്ചിരിയിൽ സീത ഒന്നു മയങ്ങി .എന്നാലും ഉണങ്ങുന്നില്ല ആ മുറിവുകൾ.

ആത്മാവിന്റെ മുറിവുകൾ




ശിശുദിനറാലി

ശിശുദിനത്തിൽ സദ്യ ഒരുക്കി

വിദ്യാർഥികളുംഅധ്യാപകരും






ഹലോ ഇംഗ്ലീഷ് പഞ്ചായത്ത് തല ഉദ്ഘാടനം

പഞ്ചായത്ത് പ്രസിഡന്റ്

ശ്രീമതി വിജയമ്മ ഗോപി

# മലയാളത്തിലെ കവികൾ



അലൻ റോയി 9 B


നാം കാണാത്തത് കാണുന്നവരും നാം കേൾക്കാത്തത് കേൾക്കുന്നവരുമാണ് ഗ്രന്ഥകാരൻമാർ. അതിലുപരി മരിച്ചാലും മരിക്കാത്തവർ. മലയാളത്തിലെ ഏതാനും കവികളെ കുറിച്ച് ഒരു കൊച്ചു കുറിപ്പാണിത്.

## തുഞ്ചത്ത് എഴുത്തച്ഛൻ



ആധുനിക മലയാള ഭാഷയുടെ പിതാവ് .ജില്ലയിലെ തിരൂരിലെ തുഞ്ചൻ പറമ്പിലാണ് ജനനം.കിളിപ്പാട്ട് പ്രസ്ഥാനത്തിന്റെ  ഉപജ്ഞാതാവ് .മലയാള ഭാഷയുടെയും സാഹിത്യത്തിന്റെയും ആചാര്യനായ എഴുത്തച്ഛൻ,കേരളിയരെ ഭക്തിയിലൂടെ നേർവഴി നടത്താൻ ശ്രമിച്ചു. അദ്ധ്യാത്മ രാമായണം കിളിപ്പാട്ടും മഹാഭാരതം കിളിപ്പാട്ടുമാണ് എഴുത്തച്ഛന്റെതെന്ന് നിസ്സംശയം പറയാവുന്ന കൃതികൾ . ഹരിനാമകീർത്തനം , ഇരുപത്തിനാലു വൃത്തം, ചിന്താരത്നം, ഭാഗവതം കിളിപ്പാട്ട് തുടങ്ങിയ കൃതികളും എഴുത്തച്ഛന്റേതാണെന്ന് വിശ്വസിക്കപ്പെടുന്നു.

## കുഞ്ചൻ നമ്പ്യാർ




പതിനെട്ടാംനൂറ്റാണ്ടിൽ ജീവിച്ചിരുന്നു കവി.പ്രാചീന കവിത്രയത്തിൽപ്പെടുന്നു . കവിത ചാട്ടവാറാക്കിയ കവി.പാലക്കാട് ജില്ലയിലെ ലക്കിടി തീവണ്ടിയാപ്പീസിനടുത്തുള്ള കിള്ളിക്കുറിശ്ശി മംഗലത്ത് കലക്കത്ത് ഭവനത്തിലാണ് ജനനം തുള്ളൽക്കലയുടെ ഉപജ്ഞാതാവ് .ഓട്ടൻ, ശീതങ്കൻ,പറയാൻ എന്നിങ്ങനെ മൂന്നു വിഭാഗങ്ങളായി ഒട്ടനവധി തുള്ളൽ കൃതികൾ രചിച്ചു.

## കുമാരനാശാൻ



തിരുവനന്തപുരം ജില്ലയിലെ കായിക്കര ഗ്രമത്തിൽ ജനിച്ചു. ശ്രീ നാരായണഗുരുവിന്റെ പ്രധാനശിഷ്യൻ. എസ്. എൻ. ഡി. പി യോഗം സെക്രട്ടറിയായി പ്രവർത്തിച്ചു .ബാംഗ്ലൂരിലും മദ്രാസിലും കൽക്കത്തയിലും ഉപരിപഠനം നടത്തി ._1907-ൽ പ്രസിദ്ധികരിച്ച വീണപൂവ് മലയാള കവിതയിൽ പരിവർത്തനത്തിന് തുടക്കം കുറിച്ചു. നളിനി, ലീല, ദുരവസ്ഥ, ചണ്ഡാലഭിക്ഷുകി , പ്രരോദനം, ചിന്താവിഷ്ടയായ സീത ,കരുണ തുടങ്ങിയ ഖണ്ഡകാവ്യങ്ങളും ധാരാളം മികച്ച ഭാവഗീതങ്ങളും രചിച്ചിട്ടുണ്ട്.

## വൈലോപ്പിള്ളി



എറണാകുളം ജില്ലയിലെ കല്ലൂരിൽ ജനിച്ചു. കാച്ചിക്കുറുക്കി കവിത എന്ന് അദ്ധേഹത്തിന്റെ കവിതയെ വിശേഷിപ്പിക്കാറുണ്ട് . കയ് പവല്ലരി ,കടൽ ക്കാക്കകൾ,കന്നികൊയ്ത്ത്. മകരക്കൊയ്ത്ത് , ശ്രീരേഖ, വിത്തും കൈക്കോട്ടും , വിട, ഓണപ്പാട്ടുകാർ എന്നിവ പ്രധാന കൃതികൾ .വയലാർ അവാർഡും കേന്ദ്ര കേരള സാഹിത്യ അക്കാദമി അവാർഡുകളും ലഭിച്ചിട്ടുണ്ട്.

## ഒ . എൻ . വി . കുറുപ്പ്



1931- ൽ കൊല്ലം ജില്ലയിലെ ചവറയിൽ ജനിച്ചു . നാടൻ ശീലുകളോടുള്ള ആഭിമുഖ്യം , ഗാനാത്മകത , അശയ സമ്പുഷ്ടി എന്നിവ ഒ . എൻ . വിക്കവിതകളുടെ സവിശേഷതകളാണ് . ചലച്ചിത്രഗാന രചയിതാവ് എന്ന നിലയിലും ശ്രദ്ധയനാണ് . കൃതികൾ : ഒരുതുള്ളിവെളിച്ചം , അക്ഷരം , ഉപ്പ് ,ഭൈരവന്റെ തുടി , സ്വയം വരം . ജ്ഞാനപീഠ പുരസ്കാരം,വയലാർ അവാർഡ് എഴുത്തച്ഛൻ പുരസ്കാരം , കേന്ദ്ര – കേരളസാഹിത്യ അക്കാദമി അവാർഡുകൾ എന്നിവ ലഭിച്ചു .

# കലോൽസവം 2018-19































# നന്ദി

ഒരു വർഷം നീണ്ട സപര്യയുടെ സ്വപ്നസാഫല്യം...........

ഈ ദർപ്പണത്തെ ആത്മസമർപ്പണമാക്കി തെളിച്ചത്തിലോക്കെത്തിച്ച എല്ലാ സുമനസുകൾക്കും നന്ദി.........

നറുസൗരഭ്യം ചൊരിയുന്ന പൂച്ചെണ്ടുകൾ വാരി വിതറിക്കൊണ്ട്......

മിറാഷിന് വേണ്ടി

ചീഫ് എഡിറ്റർ

